കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



# പുഴയിൽനിന്നൊരു രാജകുമാരൻ

എഴുതിയത് : Edward Hughes

ഉദാഹരണം : M. Maillot; Lazarus

അംഗികരിച്ചത്: M. Maillot; Sarah S; Alastair Paterson

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2021 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



പ്രധാനമന്ത്രി യോസേഫ്
മരിച്ചു. തന്റെ കുടുംബത്തിന്റെ
ദുഃഖത്തിൽ മിസ്രയീം
മുഴുവനും പങ്കുകൊാു.

ആ രാജ്യത്തെ ക്ഷാമത്തിൽനിന്ന് രക്ഷിക്കുവാൻ എബ്രായനായ യോസേഫിനെ ദൈവം ഉപയോഗിച്ചു. അദ്ദേഹം ബുദ്ധിമാനും

വിശ്വസ്തനുമായ നേതാവായിരുന്നു. ഇപ്പോൾ അദ്ദഹം ഇല്ല.



നീ മുന്നൂറിലധികം വർഷങ്ങൾ കഴിഞ്ഞു. യോസേഫിന്റെ ആളുകൾ, എബ്രായർ മിസ്രയീമിൽ വലിയ ശക്തന്മാരായി വളർന്നു. ശക്തന്മാരായ അവരെ ഭയപ്പെട്ട പുതിയ ഫറവോൻ അവരെ അടിമകളാക്കി.



ഫറവോൻ എബ്രായരെ ക്രൂരമായി കൈകാര്യം ചെയ്തു. വലിയ പട്ടണങ്ങൾ പണിയുവാൻ അവൻ അവരെ നിർബന്ധിച്ചു. പക്ഷേ അവൻ എത്രത്തോളം ക്രൂരത അവരോട് കാട്ടിയോ അത്രക് എബ്രായ അടിമകൾ ജനസംഖ്യയിൽ വളർന്നുകൊിരുന്നു.



ഒരുദിവസം ഭയങ്കരമായ ഒരു കല്പന ഫറവോൻ പുറപ്പെടുവിച്ചു. എബ്രായരുടെ കുടുംബത്തിൽ ജനിക്കുന്ന സകല ആൺകുട്ടികളെയും നൈൽനദിയിൽ എറിഞ്ഞുകളയണം.



ക്രൂരനായ ഫറവോൻ ചിന്തിച്ചത് ഇങ്ങനെ എബ്രായരുടെ ജനസംഖ്യ കുറയ്ക്കാമെന്നായിരുന്നു. അവൻ കുട്ടികളെ കൊന്നുകളയുവാനും തയ്യാറായിരുന്നു.



ഒരു കുടുംബം വളരെ ചിന്താകുലരായി. “നമുക്ക് എന്തുചെയ്യുവാൻ കഴിയും?” അവർ തങ്ങളുടെ കുഞ്ഞിനെ നൈൽനദിയിൽ ഇടുവാൻ തീരുമാനിച്ചു. എന്നാൽ അവൻ വെള്ളം കടക്കാത്ത ഒരു ബാസ്ക്കറ്റിന്റെ അകത്തായിരിക്കും.



ആ ചെറിയ ബാസ്ക്കറ്റ് അതിനുള്ളിലെ വിലപ്പെട്ട സമ്മാനവും വഹിച്ചുകൊ് വെള്ളത്തിൽ പൊങ്ങിനില്ക്കുന്ന ഞാങ്ങണയുടെ ഇടയിലൂടെ പതുക്കെ ഒഴുകിക്കൊിരുന്നു.



ഈ കൊച്ചുകുട്ടിക്ക് എന്തുവേണമെങ്കിലും സംഭവിക്കാം.



ഓളങ്ങളുടെ ഇടയിലൂടെ താളത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നീങ്ങുന്ന ആ വിലപ്പെട്ട ബാസ്ക്കറ്റ് വീക്ഷിച്ചുകൊ് ആ കുഞ്ഞിന്റെ സഹോദരി ദൂരത്തുനിന്നിരുന്നു.



ഉടനെ ഫറവോന്റെ മകളും ദാസിമാരും നദിയിൽ കുളിക്കുവാൻ വന്നു. അവരുടെ കണ്ണിൽപ്പെടാതെ ആ ബാസ്ക്കറ്റ് ഒളിക്കുവാൻ സാധ്യമല്ലായിരുന്നു.



അവർ ഈ ബാസ്ക്കറ്റ് ശ്രദ്ധിക്കാതെ നടന്നുപോകുമായിരിക്കും.



“കാോ, ഒരു ബാസ്ക്കറ്റ്, ആ ചെടികൾക്കിടയിൽ. എന്തായിരിക്കും അതിന്റെ ഉള്ളിൽ എന്ന് എനിക്ക് അറിയണം.” ഫറവോന്റെ മകൾ അത് എടുത്തുകൊുവരുവാൻ ദാസിമോരോട് ആവശ്യപ്പെട്ടു.

അവൾ ആ ബാസ്ക്കറ്റ് തുറന്നപ്പോൾ ആ കുഞ്ഞ് കരയുവാൻ തുടങ്ങി.

“ഇതൊരു എബ്രായ ബാലനാണല്ലോ” രാജകുമാരി ആശ്ചര്യപ്പെട്ടു.



“പാവം കുഞ്ഞ്. നീ വളരെ സുന്ദരനാണല്ലോ.” സാധാരണ പ്രായമുള്ളവർ പറയുന്നതുപോലെ ഫറവോന്റെ മകളും ആ കുഞ്ഞിനോടാണ് സംസാരിച്ചത്. അവൾ അവനോട് “ചക്കരേ, കുട്ടപ്പിയെ, അമ്മക്കുട്ടാ” എന്നൊക്കെ മിസ്രയീമ്യഭാഷയിൽ പറഞ്ഞുകാണും.



ആ കുഞ്ഞിന്റെ സഹോദരിക്ക് ദൈവം പ്രത്യേകമായ ബുദ്ധി കൊടുത്തിട്ടുാവും. അവൾ ഫറവോന്റെ മകളുടെ അടുത്തേക്ക് ഓടിച്ചെന്നു. എന്നിട്ട് ചോദിച്ചു, “ഈ കുഞ്ഞിനെ വളർത്താൻ ഞാൻ ഒരു എബ്രായ സ്ത്രീയെ കൊുവരട്ടെ.”



ഉടനെ മറുപടി കിട്ടി. “പോയി കൊുവരിക.” ആരെ കൂട്ടിക്കൊുവരുവാനാണ് അവൾ ഓടിപ്പോയത് എന്ന് നിങ്ങൾക്ക് ഊഹിക്കാമോ?



“അമ്മേ ഓടിവാ, ഒന്നു വേഗം വന്നേ!” അധികമൊന്നും വിശദീകരിക്കാൻ അവൾക്ക് സമയം ഇല്ലായിരുന്നിരിക്കണം. അവർ രുപേരുംകൂടെ നദിക്കരിയിലേക്ക് ഓടിച്ചെന്നു.



നദിക്കരയിൽ, ഫറവോന്റെ മകൾ കുഞ്ഞിനെ എടുത്തുകൊു പറഞ്ഞു “എനിക്കുവേി ഇവനെ വളർത്തണം, ഞാൻ നിനക്ക് ശമ്പളം തരാം. അവനെ മോശെ എന്ന് വിളിക്കയും വേണം.” വെള്ളത്തിൽനിന്ന് കിട്ടിയ മകൻ എന്ന നിലയിൽ മോശെ ഒരു മിസ്രയീമ്യ പേര് ആയിരിക്കും.



അങ്ങനെ മോശെ തന്റെ
മാതാപിതാക്കന്മാരുടെ വീട്ടിൽ
തിരികെയെത്തി.
ദൈവത്തെയും
എബ്രായ
ജനതയെയും
സ്നേഹിക്കുവാൻ
അവർ അവനെ
പഠിപ്പിച്ചു.



അധികം താമസിക്കാതെ ഫറവോന്റെ
മകളോടുകൂടെ കൊട്ടാരത്തിൽ പാർക്കേ
വനാണ് മോശെ. അവന്റെ ജീവൻ
രക്ഷിച്ച ദൈവം, കുഞ്ഞുമോശെക്കു
വേി ഒരു നല്ല
ഭാവിയും
പദ്ധതിയിട്ടിരുന്നു.



പുഴയിൽനിന്നൊരു രാജകുമാരൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

പുറപ്പാട് 2

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.
യോഹന്നാൻ 3:16